**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 597** **09-06-2021 - ൽ മറുപടിയ്ക്ക്**

**വന്യജീവികളുടെ ശല്യം തടയൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എൻ എ നെല്ലിക്കുന്ന്** | | **Shri. A. K. Saseendran**<br>**(വനം, വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കാസർകോട് ജില്ലയിൽ കഴിഞ്ഞ അഞ്ചുവർഷക്കാലം വന്യജീവികളുടെ ശല്യം കാരണം ഉണ്ടായ നാശനഷ്ടങ്ങളും അതിനെ തുടർന്നുള്ള ആളപായങ്ങളും എത്രയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; | (എ) | കാസർകോട് ജില്ലയിൽ കഴിഞ്ഞ അഞ്ചുവർഷക്കാലം വന്യജീവികളുടെ ആക്രമണം മൂലവും, പാമ്പുകടിയേറ്റും മരണപ്പെട്ടവരുടെ വിവരങ്ങൾ ചുവടെ ( Table 1 )ചേർക്കുന്നു. കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ അഞ്ചവർഷക്കാലം വന്യജീവികളുടെ ശല്യം മൂലം ഉണ്ടായ കൃഷി നാശങ്ങളുടെ വിവരങ്ങൾ (Table 2) ചുവടെ ചേർക്കുന്നു:- |
| (ബി) | കൃഷിനാശം സംഭവിച്ചവർക്കു നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ കഴിഞ്ഞ അഞ്ചുവർഷം എത്ര തുകയാണ് നൽകിയതെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; | (ബി) | കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:- |
| (സി) | വന്യജീവികളുടെ ശല്യം തടയാൻ കഴിഞ്ഞ അഞ്ചുവർഷം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ഇതിനുചെലവഴിച്ച തുക എത്രയാണെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; | (സി) | വന്യജീവികളുടെ ശല്യം തടയുന്നതിനു വേണ്ടി സൌരോർജ്ജ വേലി, ആന പ്രതിരോധ മതിൽ ആന പ്രതിരോധ കിടങ്ങ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. ആയതിന് ചെലവഴിച്ച തുക മണ്ഡലം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:- |
| (ഡി) | വന്യജീവികളുടെ ശല്യം ശാശ്വതമായി തടയാൻ പദ്ധതികളാവിഷ്ക്കരിക്കാനുദ്ദേശ്യമുണ്ടോ എന്ന് വെളിപ്പെടുത്തുമോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ? | (ഡി) | ഡി) \| വന്യജീവികളുടെ ശല്യം ശാശ്വതമായി തടയാൻ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു: • വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി റാപ്പിഡ് റെസ്പോണ്സ് ടീമുകളെ അടിസ്ഥാനമാക്കി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. • നാട്ടിലേക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തു ന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം / താത്കാലിക റാപ്പിഡ് റെസ്പോണ്സ് ടീമുകള് പ്രവർത്തിച്ചുവരുന്നു. • വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതി നായി വനാതിർത്തികളിൽ സൗരോര്ജ്ജ വേലികളും, ആന പ്രതിരോധ മതിലുകളും, കിടങ്ങുകളും, ക്രാഷ്ഗാർഡ് റോപ്പ് |

ഫെന്സിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിലൽ അറ്റകുറ്റപ്പണികൽ നടത്തി പ്രവർത്തനക്ഷമമാക്കി യിട്ടുണ്ട്. • പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏര്പ്പെടുത്തിയി ട്ടുണ്ട്. • കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലക ളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാന കളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചു വരുന്നുണ്ട്. • സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവെച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ട്. • മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശിയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. • കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളു ടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജനവും, വനത്തിനകത്ത് ജല ലഭ്യത ഉറപ്പ് വരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണവും പുനരുദ്ധാരണവും നടത്തിവരുന്നുണ്ട്. • വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. • കാട്ടുപന്നികൾ ജനവാസമേഖലയിലും, കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരിക്ക് ജീവഹാനി എന്നിവ ഉണ്ടാകുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് 18.05.2020-ലെ സ.ഉ. 111/2020/വനം പ്രകാരം ഉത്തരവായിട്ടുണ്ട്. • വന്യജീവി ആക്രമണം മൂലം കൃഷിനാശം സംഭവിച്ച കർഷകക്ക് 08.01.2015-ലെ സി.ഉ.നം. (കൈ) 2/2015/വനം എന്ന ഉത്തരവിൽ പറയും പ്രകാരം നഷ്ടപരിഹാരം നല്കി വരുന്നുണ്ട്. • വന്യജീവി ആക്രമണം മൂലം ജീവഹാനി, പരിക്ക്, സ്വത്ത്നാ ശം, അംഗവൈകല്യം എന്നിവ

| | | | |
|---|---|---|---|
| | | | ഉണ്ടാകുന്നവർക്ക് 05.04.2018-ലെ സ.ഉ.നം.(കൈ)17/2018/വനം എന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം വനം വകുപ്പ് നല്കി വരുന്നുണ്ട്. • വന്യമൃഗങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള കാർഷിക വിളകൾ കൃഷിചെയ്യുന്നതിൽ നിന്നും കർഷകരെ പിൻതിരിപ്പിക്കു ന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. • വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റില്മെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

| | 2016 | 2017 | 2018 | 2019 | 2020 |
|---|---|---|---|---|---|
| മഞ്ചേശ്വരം മണ്ഡലം | - | - | 1 | 1 | - |
| കാസറഗോഡ് മണ്ഡലം | - | - | 1 | 2 | 5 |
| കാഞ്ഞങ്ങാട് മണ്ഡലം | - | 2 | 1 | 3 | 4 |
| തൃക്കരിപ്പൂർ മണ്ഡലം | - | 1 | - | 2 | 1 |
| ഉദുമ മണ്ഡലം | - | - | - | 1 | 2 |

| | 2016 | 2017 | 2018 | 2019 | 2020 |
|---|---|---|---|---|---|
| | (രൂപ ലക്ഷത്തിൽ) | | | | |
| മഞ്ചേശ്വരം മണ്ഡലം | 10 | 15 | 5 | 8 | 6 |
| കാസറഗോഡ് മണ്ഡലം | 65 | 21 | 35 | 17 | 28 |
| കാഞ്ഞങ്ങാട് മണ്ഡലം | 20 | 26 | 44 | 55 | 60 |
| തൃക്കരിപ്പൂർ മണ്ഡലം | 40 | 80 | 71 | 65 | 45 |
| ഉദുമ മണ്ഡലം | 110 | 105 | 60 | 105 | 106 |
| ആകെ | **245** | **247** | **215** | **250** | **245** |

| | 2016 | 2017 | 2018 | 2019 | 2020 |
|---|---|---|---|---|---|
| | (രൂപ ലക്ഷത്തിൽ) | | | | |
| മഞ്ചേശ്വരം മണ്ഡലം | 2.93 | 3.92 | 4.56 | 5.12 | 0.69 |
| കാസറഗോഡ് മണ്ഡലം | 5.13 | 3.13 | 4.57 | 7.01 | 0.73 |
| കാഞ്ഞങ്ങാട് മണ്ഡലം | 2.35 | 2.80 | 3.92 | 4.64 | 0.40 |
| തൃക്കരിപ്പൂർ മണ്ഡലം | 0.53 | 0.62 | 0.81 | 1.03 | 0.12 |
| ഉദുമ മണ്ഡലം | 0.17 | 3.42 | 1.23 | 2.92 | 0.96 |
| ആകെ | **11.11** | **13.89** | **15.09** | **20.72** | **2.9** |

| | സൗരോർജ്ജ വേലി | ആനപ്രതിരോധ മതിൽ | ആന പ്രതിരോധ കിടങ്ങ് |
|---|---|---|---|
| മഞ്ചേശ്വരം മണ്ഡലം | - | - | - |
| കാസറഗോഡ് മണ്ഡലം | 4.55 ലക്ഷം | - | 3.45 ലക്ഷം |
| കാഞ്ഞങ്ങാട് മണ്ഡലം | 6.00 ലക്ഷം | 2.00 കോടി | 5.72ലക്ഷം |
| തൃക്കരിപ്പൂർ മണ്ഡലം | - | - | - |
| ഉദുമ മണ്ഡലം | 43.00 ലക്ഷം | 1.92 കോടി | - |
| ആകെ | **53.55 ലക്ഷം** | **3.92കോടി** | **9.17 ലക്ഷം** |